**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2981** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും സാമൂഹ്യസുരക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ദെലീമ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും സാമൂഹ്യസുരക്ഷയും മുൻനിർത്തി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | വൈജ്ഞാനിക തൊഴിൽ എന്ന ലക്ഷ്യം മുൻനിർത്തി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിനായി ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | തൊഴിൽ നൈപുണ്യ പരിശീലനത്തിനായി അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് നൽകുന്ന പരിശീലന പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മത്സ്യത്തൊഴിലാളി കുടുംബത്തിലെ വിദ്യാസമ്പന്നരായ യുവതി യുവാക്കളെ തൊഴിലിനായി സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ 'കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ' സഹായത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടു കൂടി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്റ്റൈപന്റോടുകൂടി 8 മാസം നീളുന്ന അക്വാകൾച്ചർ പരിശീലനം വകുപ്പിന്റെ കീഴിലുള്ള ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) ഓഫീസ് മുഖാന്തിരം ഓരോ വർഷവും നൽകി വരുന്നു.<br><br>മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നല്കുന്നതിന്റെ ഭാഗമായി സാഫ് മുഖേന Digital Media, Marketing & Advertising Design Certificate Course നടപ്പിലാക്കി. Gender Equality & Women Empowerment Policy ശീർഷകത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ 25 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media, Marketing & Advertising Design ൽ 3 മാസത്തെ Online Course നല്കി. 3 മാസത്തെ Online കോഴ്സ് പൂർത്തിയാക്കിയവർക്ക് 3 മാസം സാഫ് യൂണിറ്റിന്റെ Online Marketing & Sales ൽ സൗജന്യ പ്രായോഗിക പരിശീലനം നല്കി. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (Tablet) പഠിതാക്കൾക്ക് നല്കിയിരുന്നു. സാഫിന്റെ ഉല്പ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും Digital Media & Marketing രംഗത്തേക്ക് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കും. |
| (സി) | പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് കിടപ്പാടമൊരുക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന ഭവനപദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ പുരോഗതി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ജില്ലാ തലത്തിലും യഥാസമയം വിലയിരുത്തുന്നുണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം ഉൾപ്പെടെയുള്ള പദ്ധതികളുടെ പുരോഗതി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ജില്ലാ തലത്തിലും യഥാസമയം വിലയിരുത്തുന്നുണ്ട്.

സംസ്ഥാനത്ത് ലഭ്യമാകുന്ന ബജറ്റ് വിഹിതം യുക്തിപരമായ രീതിയിൽ വിനിയോഗിച്ച മത്സ്യ ത്തൊഴിലാളികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച കൂടുതൽ മികവുറ്റ രീതിയിൽ നടപ്പാക്കി വരുന്നു. തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.

## ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### 1.സമ്പാദ്യ സമാശ്വാസ പദ്ധതി

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ 1,83,541 പേർക്ക് ഗുണഭോക്തൃ വിഹിതത്തിന് ആനുപാതികമായി 26.3625 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചു.

### 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.

തീരദേശത്ത് കടലാക്രമണത്തിൽ ജീവനും സ്വത്തിനും സുരക്ഷിതമല്ലാതെ കഴിഞ്ഞുവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സർക്കാർ 2,450 കോടി രൂപ അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു.

### 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു. +2 മുതലുള്ള കുട്ടികൾക്ക് 2017-18 മുതൽ ഇഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാതീരം പദ്ധതി മുഖേന സൗജന്യ മെഡിക്കൽ എൻട്രൻസ്, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നൽകി വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ പഠനവും താമസ സൗകര്യവും നൽകിവരുന്നു.

### 4.മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം മുതൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ

2758 യാനങ്ങൾക്കുള്ള പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

5.സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളെ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ.ൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നല്കുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിയ്ക്കുകയും ആദ്യഘട്ടമായി 5 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

2022-23 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി. യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. ആയതു നടപ്പിലാക്കി വരുന്നു.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവ് മറികടക്കുന്നതിന്, മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നുണ്ട് .

മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഐ.എസ്.ആർ.ഒ. യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്.

അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ INCOIS വഴി ലഭ്യമാക്കുന്നുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ജി.പി.എസ് കളും ലൈഫ്ബോയെകളും എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടു കൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 വർഷത്തിൽ 483 എണ്ണം വിതരണം ചെയ്യുകയും 2022-23 വർഷത്തിൽ 800 ഫിഷ് ബോക്സുകൾ വിതരണം ചെയ്യുന്നതിനു

അനുമതി നൽകുകയും , 604 ബോട്ടുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി. ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി

8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)

ഫിഷറീസ് വകുപ്പും കെ.എസ്.ആർ.ടി.എസ് മായി ചേർന്ന് വനിത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിൽപ്പന നടത്തുന്നതിന് പ്രത്യേകം ബസ് സൗകര്യം ഒരുക്കുന്നതിനുള്ള സമുദ്ര പദ്ധതി നടപ്പിലാക്കി വരുന്നു.

9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വന തീരം പദ്ധതി

10. ഓഖി പുനരധിവാസ പദ്ധതികൾ.

11. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി.

12.കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

14. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

15. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

16. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

17. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

Sobha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-2

വ്യക്തിഗത ഭവന നിർമ്മാണം

പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിത മേഖലയിൽ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള 8743 കുടംബങ്ങളിൽ 3930 കുടുംബങ്ങൾ കണ്ടെത്തിയ ഭൂമിയിടെ വിലനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 3344 കുടുംബങ്ങൾ തങ്ങളുടെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 1968 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പുരോഗതി ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | മാറിത്താമസിക്കുവാൻ സന്നദ്ധർ | ഭൂമി വില നിർണ്ണയം പൂർത്തീകരിച്ചവർ | ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ |
|---|---|---|---|---|---|
| തിരുവനന്തപുരം | 4981 | 4044 | 1246 | 1016 | 523 |
| കൊല്ലം | 1580 | 567 | 389 | 356 | 290 |
| ആലപ്പുഴ | 4869 | 1197 | 813 | 706 | 459 |
| എറണാകുളം | 1633 | 152 | 90 | 84 | 53 |
| തൃശ്ശൂർ | 990 | 444 | 370 | 344 | 266 |
| മലപ്പുറം | 1806 | 1175 | 428 | 295 | 163 |
| കോഴിക്കോട് | 2609 | 291 | 133 | 118 | 88 |
| കണ്ണൂർ | 1583 | 307 | 184 | 174 | 85 |
| കാസർഗോഡ് | 1169 | 566 | 277 | 251 | 41 |
| **ആകെ** | **21220** | **8743** | **3930** | **3344** | **1968** |

ഭവന സമുച്ചയം കൈമാറിയത്

പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാരോട് (128) ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങളാണ് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളത്.

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 128 |
| 2 | തിരുവനന്തപുരം | ബീമാപള്ളി | 20 |
| 3 | കൊല്ലം | QSS കോളനി | 114 |
| 4 | മലപ്പുറം | പൊന്നാനി | 128 |
| | ആകെ | | 390 |

നിർമ്മാണം പുരോഗമിക്കുന്നവ

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | മണ്ണുംപുറം | 228 |
| 2 | മലപ്പുറം | നിറമരുതൂർ | 16 |
| 3 | തിരുവനന്തപുരം | മുട്ടത്തറ | 400 |
| | ആകെ | | 644 |

ഭരണാനുമതി ലഭിച്ചവ

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 24 |
| 2 | തിരുവനന്തപുരം | വലിയതുറ | 192 |
| 3 | മലപ്പുറം | പൊന്നാനി | 100 |
| 4 | കോഴിക്കോട് | വെസ്റ്റ് ഹിൽ | 80 |
| 5 | കാസർഗോഡ് | കോയിപ്പാടി | 144 |
| | ആകെ | | 540 |

ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി സർക്കാർ ഭൂമി അനുവദിച്ചിട്ടുള്ളത്

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | വേളി | 168 |
| | ആകെ | | 540 |

ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നതിന് സർക്കാർ പരിഗണനയിൽ ഉള്ളത്

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ | 24 |
| | ആകെ | | 24 |

390 കുടുംബങ്ങളെ ഫ്ലാറ്റുകളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. 1184 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം

ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കി വരുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികളാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നത്.

നിലവിൽ ഭൂമിയുള്ള ഭവന രഹിതരായവരും, ഭൂരഹിത ഭവന രഹിതരായവരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 8397 പേരുടെ ലിസ്റ്റും ഭൂരഹിത ഭവന രഹിതരായ 7803 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**